## കത്തുകൾ

# ഒരു പ്രവർത്തകന്റെ അനുഭവസാക്ഷ്യം

**ഭൂപതി** അബൂബക്കർ ഹാജിയുടെ ഓർമകൾ ഹൃദ്യമായ അനുഭവമായി. അദ്ദേഹം നടന്നെത്താത്ത മുക്കുമൂലകൾ വയനാട്ടിൽ ഉണ്ടായിരിക്കുകയില്ല. ഏതൊരു സ്ഥലത്തും പ്രസ്ഥാനത്തിന്റെ ശബ്ദം ആദ്യമെത്താൻ അദ്ദേഹത്തിന്റെ ഒരു പ്രസംഗം വളരെ ഗുണം ചെയ്യും. 1986-ൽ കൊടുവള്ളിക്കടുത്ത് കിഴക്കോത്ത് കൂട്ടാക്കിൽ മഹല്ലിൽ ഈയുള്ളവൻ മഹല്ലിന്റെ ബഹിഷ്കരണ ഭീഷണി നേരിട്ട സന്ദർഭം. കൊടുവള്ളി ജമാഅത്ത് പ്രാദേശിക യൂനിറ്റുമായി ബന്ധപ്പെട്ട് അബൂബക്കർ ഹാജിയുടെ ഒരു പ്രസംഗം സംഘടിപ്പിക്കാൻ തീരുമാനിച്ചു. മദ്റസയുടെ കീഴിലുള്ള വാടക സ്റ്റോറിൽനിന്ന് രണ്ട് കസേരയും ഒരു മേശയും വാടക്ക് തരാമെന്ന് പറഞ്ഞിരുന്നെങ്കിലും പിന്നീട് അവർ തരില്ലെന്ന് പറഞ്ഞു. സമീപ വീട്ടുകാരും സഹകരിച്ചില്ല. തുടർന്ന് ആശാരി ദാമോദരൻ എന്നൊരാളാണ് കസേരയും മേശയും തന്ന് സഹായിച്ചത്.

പ്രശ്നങ്ങൾ അറിയുന്നതുകൊണ്ട് അബൂബക്കർ ഹാജി മഗ്‌രിബിനു മുമ്പുതന്നെ സ്ഥലത്തെത്തി എന്നെ ആശ്വസിപ്പിച്ചു. ഒന്നേ മുക്കാൽ മണിക്കൂർ അദ്ദേഹം പ്രസംഗിച്ചു കഴിഞ്ഞപ്പോഴേക്കും, ബഹിഷ്കരണക്കാരിൽതന്നെ അഭിപ്രായ വ്യത്യാസമുണ്ടാവുകയും പ്രശ്നങ്ങൾ അവസാനിക്കുകയും ചെയ്തു.

ഏതൊരു സ്ഥലത്തും അബൂബക്കർ ഹാജിയുടെ ഒരു പ്രസംഗം സംഘടിപ്പിച്ചാൽ പിന്നെ പ്രവർത്തനങ്ങൾക്ക് വളരെ എളുപ്പമാണ്. എതിർപ്പുകളുടെ മുന ഒടിക്കാനും തെറ്റിദ്ധാരണകൾ നീക്കാനും അദ്ദേഹത്തിന് ഒന്നര മണിക്കൂർ മതി. ഇത് അനുഭവസാക്ഷ്യമാണ്.

**അബൂബക്കർ കിഴക്കോത്ത്**
**അൽജാഫ്, കെ.എസ്.എ**

# ബോധവത്കരണം അനിവാര്യം

**'കൈവിട്ടുപോകുന്ന** കൗമാരം' എന്ന കവർസ്റ്റോറി സമൂഹത്തിൽ ധർമച്യുതി അതിരുവിടുന്നു എന്നതിന്റെ നേർകാഴ്ചയാണ്. സംസ്കാരവും മൂല്യങ്ങളും ഉള്ളവരെന്ന് നാം വിചാരിക്കുന്നവരുടെ പോലും സ്വകാര്യജീവിതം അധാർമികതകളാൽ മലീമസമായിരിക്കുന്നു.

ദൃശ്യമാധ്യമങ്ങൾ നമ്മെ അറിയാതെ അപഥസഞ്ചാരത്തിലേക്കാണ് നയിക്കുന്നത്. കൗമാരപ്രായക്കാരെ വഴിതെറ്റിക്കുന്ന ദൃശ്യമാധ്യമങ്ങൾ തലമുറയുടെ മനുഷ്യത്വമാണ് കാർന്നുതിന്നുന്നത്. ലൈംഗികമായ അരുതായ്മകളും വിലക്കുകളും തകർക്കുകയാണ് ദൃശ്യമാധ്യമങ്ങൾ. 'ലജ്ജയില്ലെങ്കിൽ പിന്നെ എന്തുമാവാം' എന്ന പ്രവാചകവചനം അന്വർഥമാക്കുന്ന പതനത്തിലെത്തിനിൽക്കുന്നു കാര്യങ്ങൾ. ലജ്ജ നഷ്ടപ്പെടുത്തുന്നതിൽ ദൃശ്യമാധ്യമങ്ങളുടെ പങ്ക് വലുതാണ്. സാംസ്കാരിക മൂല്യങ്ങൾ ഒട്ടുമില്ലാത്ത സീരിയലുകളും സിനിമകളും സൃഷ്ടിക്കുന്ന സാംസ്കാരിക മലിനീകരണം തിരിച്ചറിഞ്ഞ് അതിനെതിരെ സമൂഹത്തെ ബോധവത്കരിക്കാൻ കഴിയണം. പുതിയ തലമുറയുടെ വിദ്യാഭ്യാസ ബോധവും വായനാശീലവും നശിപ്പിച്ച് അവരെ യന്ത്രവത്കരിക്കുന്നതിൽ ടി.വിയുടെയും കമ്പ്യൂട്ടറിന്റെയുമൊക്കെ പങ്ക് ഗൗരവപൂർവം വിലയിരുത്തണം. സദാചാരവിരുദ്ധ പരിപാടികൾ മക്കളോടൊപ്പം ഒന്നിച്ചിരുന്ന് കാണുന്ന രക്ഷിതാക്കൾ അവരിൽനിന്ന് നന്മ പ്രതീക്ഷിക്കുന്നതിൽ എന്തർഥം?

നബി(സ) പറയുന്നു: 'അന്യ സ്ത്രീപുരുഷന്മാരുടെ ദർശനം പിശാചിന്റെ അമ്പാണ്. അല്ലാഹുവിനെ ഭയന്ന് അത് വർജിച്ചാൽ വിശ്വാസം വർധിക്കുന്നതും അതിന്റെ മാധുര്യം ഹൃദയത്തിൽ അനുഭവപ്പെടുന്നതുമാണ്". പുരുഷൻ സ്ത്രീയെയോ മറിച്ചോ നോക്കുമ്പോൾ പിശാച് അവർക്കിടയിൽ പ്രവർത്തിക്കുന്നു. സഹജമായ സ്ത്രീ പുരുഷ ലൈംഗികാകർഷണത്തെ സദാചാരത്തിന്റെ കടിഞ്ഞാണിട്ട് നിയന്ത്രിക്കുന്നതിനാണ് ഇസ്‌ലാം പരസ്പരം കാണുന്നതിനും മറ്റും പരിധി വെച്ചത്. നിയന്ത്രണമില്ലാത്ത നോട്ടമാണ് പലപ്പോഴും നിഷിദ്ധങ്ങളിലേക്ക് കൊണ്ടെത്തിക്കുന്നത്.

**അബൂ അൻഹൽ ചെറുകുളമ്പ്**
**മലപ്പുറം**

# പുനർവായിക്കപ്പെടേണ്ട ചരിത്രം

**മനുഷ്യാരംഭം** മുതൽ സാമൂഹിക ജീവിതത്തിലുണ്ടായ സൃഷ്ടിപരമായ വളർച്ച, നാഗരിക വികാസം, സത്യത്തിനും ധർമത്തിനും വേണ്ടിയുള്ള പോരാട്ടങ്ങൾ, ഉത്ഥാന പതനങ്ങൾ എന്നിവ പിൻതലമുറയ്ക്ക് പ്രയോജനപ്പെടുംവിധം പകർന്നു നൽകുന്നത് ക്രിയാത്മകമായ ചരിത്ര രചനയിലൂടെയാണ്. പക്ഷേ, ഇതിന് സഹായകമല്ല നിലവിലെ ചരിത്ര രചനകൾ. വക്രീകരണങ്ങളും അൽപസത്യങ്ങളും നിക്ഷിപ്ത താൽപര്യക്കാരുടെ വളച്ചൊടിക്കലുകളും അവയെ ലക്ഷ്യത്തിൽനിന്ന് ബഹുദൂരം അകറ്റിയിരിക്കുന്നു. പ്രവാചകാനുചരന്മാരുടെ ചരിത്രം മുതൽ കേരള മുസ്‌ലിംകളുടെ സാമ്രാജ്യത്വ വിരുദ്ധ ചരിത്രം വരെ കുറേയുദ്ധങ്ങളുടെ സ്ഥിതിവിവരക്കണക്കുകളായി ലോപിച്ചു പോയത് അതുകൊണ്ടാണ്. അവരുടെ ആദർശപ്രേരിതമായ സമരങ്ങളോ സംസ്കരണ പ്രവർത്തനങ്ങളോ വിപ്ലവകരമായ മുന്നേറ്റങ്ങളോ ഇത്തരം ചരിത്ര രചനയിൽ ഇടം പിടിക്കുന്നില്ല. കേരള മുസ്‌ലിംകളുടെ സാമ്രാജ്യത്വ വിരുദ്ധ സമരത്തെക്കുറിച്ച് കെ.ടി ഹുസൈൻ എഴുതിവരുന്ന ലേഖനങ്ങൾ, സാമ്പ്രദായിക ചരിത്ര രചനയിൽ ഒരു പൊളിച്ചെഴുത്താണെന്നു പറയാം. വിശകലനങ്ങൾക്ക് ആദർശപരമായ അടിത്തറ വേണമെന്ന വസ്തുതയിലേക്കും അവ വിരൽചൂണ്ടുന്നു.

കുത്തക വിരുദ്ധസമരങ്ങൾക്കും അധിനിവേശ വിരുദ്ധ പോരാട്ടങ്ങൾക്കും ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്ക് ചരിത്രപരമായ പങ്ക് നിർവഹിക്കാൻ കഴിയും എന്നു സമൂഹത്തെ ബോധ്യപ്പെടുത്താൻ ഇത്തരം രചനകൾ സഹായകമാവും. ഓറിയന്റലിസ്റ്റുകളും അവർക്ക് മാനസികമായി അടിപ്പെട്ട മുസ്‌ലിം എഴുത്തുകാരും രൂപപ്പെടുത്തിയ രചനകളോ അവയുടെ പുനരാഖ്യാനങ്ങളോ ആണ് ഇന്നും നാം ചരിത്രമായി പഠിച്ചുകൊണ്ടിരിക്കുന്നത്. ചരിത്രത്തിലെ ഈ കള്ള നാണയങ്ങളെ തിരിച്ചറിയാൻ ആദർശാടിസ്ഥാനത്തിലുള്ള പഠന മനന ഗവേഷണങ്ങൾക്ക് തുടക്കം കുറിക്കേണ്ടതുണ്ട്.

**എം. അബ്ദുൽഹാദി**

# തെറ്റു തിരുത്തേണ്ടവർ ഏണി വെച്ചുകൊടുക്കുന്നു

**'കൈവിട്ടുപോകുന്ന** കൗമാരം' (ലക്കം 29) ഏതൊരു രക്ഷിതാവിനെയും ഗൗരവപൂർവം ചിന്തിപ്പിക്കുന്നതാണ്. ഇക്കാര്യത്തിൽ പലതരം വിശകലനങ്ങളും നിർദേശങ്ങളും വരാറുണ്ടെങ്കിലും അവയിൽ പലതും നിലവിലെ സദാചാര തകർച്ചയുമായി സമരസപ്പെടുന്നതാണ്. 'സ്വാഭാവികം' എന്ന ഒഴുക്കൻ മട്ടിലുള്ള അത്തരം വിശകലനങ്ങൾ നിഷ്ഫലമാണ്. നിലവിലെ ജാഹിലിയ്യത്തിനോട് സമരസപ്പെടാനാണ് അധിക രക്ഷിതാക്കളും, കൗമാരത്തെ വഴിനടത്തേണ്ട അധ്യാപകരും താൽപര്യപ്പെടുന്നത്.

കുട്ടികളെ വിശ്വസിച്ചേൽപിക്കുന്ന ധാർമിക കലാലയങ്ങളിൽ പോലും സൂക്ഷ്മതക്കുറവിന്റെ അപകടങ്ങൾ സംഭവിക്കുന്നുണ്ട്. അതുകൊണ്ടാണ് കലാലയ ടൂറുകൾക്കു ശേഷം സസ്പെൻഷൻ നടപടികൾ ഉണ്ടാവുന്നത്. സമയമാറ്റത്തിന്റെയും ആൺ-പെൺ കൂട്ടിയിരുത്തലിന്റെയും പേരിൽ സർക്കാരിനെതിരെ മത സംഘടനകൾ സമരം നടത്തുമ്പോൾതന്നെ, ക്യാമ്പുകളുടെയും ക്ലബ്ബുകളുടെയും പേരിൽ അതേ സംഘടനകളുടെ കലാലയങ്ങളിൽ എന്താണ് നടക്കുന്നതെന്ന് സൂക്ഷ്മമായി അന്വേഷിക്കാറുണ്ടോ?

ഏതുതരം വിദ്യാഭ്യാസ പദ്ധതിയാണെങ്കിലും നമ്മുടെ ധാർമിക സംസ്കാരത്തിന് അനുയോജ്യമല്ലെങ്കിൽ അതിനെ തിരുത്താനുള്ള ആർജവം നമുക്കുണ്ടാവണം. മനശ്ശാസ്ത്ര സമീപനമെന്ന് പറഞ്ഞുള്ള കാപട്യത്തിന്റെ പേരിൽ എന്തിനും പച്ചക്കൊടി കാണിക്കുന്നവർ വരുംതലമുറയുടെ ശത്രുക്കളാണ്. പ്രണയിക്കാൻ ഇഛാശക്തി ഉപദേശിക്കുന്ന അധ്യാപകരും പിടിക്കപ്പെട്ടാൽ രഹസ്യമായി ബന്ധം തുടരാൻ പ്രേരിപ്പിക്കുന്നവരും ഇന്ന് വിരളമല്ല. ഇവിടെ തെറ്റു തിരുത്തേണ്ടവർ ഏണി വെച്ചുകൊടുക്കുകയാണ്. ഒരു കാലത്ത് യാദൃഛികമായി പെട്ടുപോകുന്ന കെണിയായിരുന്നു പ്രണയമെങ്കിൽ, ഇന്ന് മൊബൈലും ഇന്റർനെറ്റും വഴി ആളെ കാണാതെ പോലും വിവാഹവാഗ്ദാനങ്ങൾ വരെ എത്തുന്ന ബന്ധം സ്ഥാപിക്കപ്പെടുകയാണ്. യു.പി ക്ലാസ്സുകളിൽ പോലും ഇത്തരത്തിൽ സംഭവങ്ങൾ നടക്കുന്നു. ദൃശ്യ മാധ്യമങ്ങളും സിനിമയും മൊബൈൽ ഫോണുമൊക്കെയാണ് വില്ലന്മാർ. കൗമാരത്തെ വഴിതെറ്റിക്കുന്ന ഈ അപകടങ്ങളെ നാം തിരിച്ചറിഞ്ഞേ മതിയാവൂ. സൂക്ഷ്മതയോടെ, യുക്തിയോടെ അധാർമികതയുടെ കടന്നുകയറ്റത്തെ തടയാൻ നമുക്ക് കഴിയണം. 'ഹാദി'യുടെ ലേഖനം ഇന്നിന്റെ ശരിയായ അനുഭവബോധ്യങ്ങളിൽനിന്നുള്ള ശക്തമായ ഒരു മുന്നറിയിപ്പാണ്.

**അബൂ യാസിൻ അഹ്മദ്**
**വണ്ടൂർ**

# രക്ഷിതാക്കളുടെ ജാഗ്രത പ്രധാനം

**കൗമാരത്തെക്കുറിച്ച** അസ്വസ്ഥചിന്തകളോടൊപ്പം ചേർത്തുവായിക്കേണ്ട ചില കാര്യങ്ങൾ:

2007 ഡിസംബർ 21-ന് പ്രസിദ്ധീകരിച്ച *മലയാള മനോരമ*യുടെ വെള്ളിയാഴ്ച പതിപ്പായ *യുവ*യുടെ വിഷയം കേരളത്തിലെ കൗമാരക്കാർക്കിടയിൽ വർധിച്ചുവരുന്ന പ്രണയ പ്രകടനങ്ങളെക്കുറിച്ചായിരുന്നു. ഇത്തരം പ്രണയ പ്രകടനത്തിൽ ലോകനഗരങ്ങൾക്കിടയിൽ കൊച്ചിക്ക് 6-ാം സ്ഥാനം ഉണ്ടെന്നതാണ് റിപ്പോർട്ടിലെ പ്രധാനകണ്ടെത്തൽ. ഇതിൽ മനസ്സുഖം അനുഭവിക്കുന്ന ചില 'സാംസ്കാരിക പ്രമുഖരു'ടെ പ്രതികരണങ്ങൾ കൂടെ ചേർത്തിട്ടുണ്ട്. സമൂഹത്തിന്റെ ചിന്ത ഏത് ദിശയിലാണ് സഞ്ചരിക്കുന്നത് എന്നതിന്റെ വ്യക്തമായ സൂചനകളാണിത്.

ഇത്തരം വാർത്താ പ്രസിദ്ധീകരണങ്ങളിലൂടെ ഇവർ നിർവഹിക്കുന്ന ദൗത്യം എന്താണ്? പത്രങ്ങളുടെ വിറ്റുവരവ് തന്നെ കാര്യം. അൽപ്പം മസാലകൾ ചേർത്താലേ സമൂഹം വായിക്കുകയുള്ളൂ എന്ന അവസ്ഥയിലേക്ക് നമ്മുടെ വായനാ സംസ്കാരം എത്തിപ്പെട്ടിരിക്കുന്നു. ഈയൊരു സാംസ്കാരിക പരിസരത്തിൽ നിന്നാണ് നമ്മുടെ കൗമാരക്കാരെ മോചിപ്പിക്കേണ്ടത്. കൗമാരത്തിന് നേർവഴികാണിക്കൽ ശ്രമകരമായ ദൗത്യമാണ്. അതിനായി രണ്ടു മാർഗമാണ് നമുക്കു മുന്നിലുള്ളത്. ഒന്ന്, സാഹചര്യങ്ങളെ മാറ്റിയെടുക്കുക. രണ്ട്, സാഹചര്യങ്ങളെ അതിജീവിക്കാനുള്ള മനക്കരുത്ത് വിദ്യാർഥി തലമുറക്ക് പകർന്നുനൽകുക. ഇവ രണ്ടിനും സാധ്യമാവുക രക്ഷാകർതൃ സമൂഹത്തിനാണ്. അതിനായുള്ള ശ്രമങ്ങൾ അവരുടെ പക്ഷത്തുനിന്ന് ഉണ്ടാ

വേണ്ടിയിരിക്കുന്നു.

**കെ.ടി ഹാഫിസ് വലമ്പൂർ**

# തൗഹീദ് തന്നെ ലക്ഷ്യം

**'തൗഹീദ്** ലക്ഷ്യംതന്നെ' എന്ന വസ്തുത (ലക്കം 29) ചൂണ്ടിക്കാട്ടിയ ദാനിഷ് അബ്ദുല്ല പൊന്നാനിക്ക് നന്ദി.

പ്രവാചകനിയോഗങ്ങളുടെ മൗലിക ലക്ഷ്യം തൗഹീദ് ആണെന്ന കാര്യത്തിൽ ഈ ലേഖകന് യാതൊരു സംശയവുമില്ല. ഒപ്പം ആ ലക്ഷ്യത്തിന് ചില അനിവാര്യഫലങ്ങൾ അഥവാ ഉപലക്ഷ്യങ്ങൾ കൂടി ഉണ്ടെന്ന് സമർഥിക്കാനേ ഉദ്ദേശിച്ചിട്ടുള്ളൂ. ഖുർആൻ പറഞ്ഞു: "മനുഷ്യരേ നിങ്ങളുടെയും നിങ്ങൾക്ക് മുമ്പ് കഴിഞ്ഞുപോയ സകലരുടെയും സ്രഷ്ടാവായ റബ്ബിന് ഇബാദത്ത് ചെയ്യുവിൻ. അതുവഴി നിങ്ങൾ തഖ്‌വയുള്ളവരായേക്കാം" (*അൽബഖറ* 21). ഇവിടെ പ്രയോഗിച്ച 'ലഅല്ല' എന്നത് 'തഅലീൽ' (കാരണം കാണിക്കുന്നത്) അല്ലെന്നും പ്രത്യുത 'തറജ്ജീ' (ആഗ്രഹ പ്രകടനം) ആണെന്നും വ്യക്തമായി മനസ്സിലാക്കുമ്പോൾതന്നെ നാഥന് യഥാവിധി ഇബാദത്തു ചെയ്യുന്നവർക്ക് സംസ്കരണം സിദ്ധിക്കും എന്നു കൂടി വരുന്നുണ്ടല്ലോ. മാത്രമല്ല നമസ്കാരത്തെപ്പറ്റിയും (*അൽഅൻകബൂത്ത്* 45) സകാത്തിനെ പറ്റിയും (*അൽബഖറ* 103) നോമ്പിനെ പറ്റിയും (*അൽബഖറ* 183) ഹജ്ജിനെ പറ്റിയും (*അൽബഖറ* 197) പറയുമ്പോൾ വിശുദ്ധ ഖുർആൻ ഇതേ ശൈലി ആവർത്തിക്കുന്നു. പ്രവാചകനിയോഗത്തെയും അല്ലാഹു സംസ്കരണവുമായി ചേർത്തുവെക്കുന്നു (*അൽജുമുഅ* 2, *അൽബഖറ* 129). വേറൊരിടത്ത് മനുഷ്യന്റെ ആത്യന്തിക വിജയം ആത്മസംസ്കരണത്തിലാണെന്നും പറയുന്നു (*അശ്ശംസ്* 9,10).

മറ്റൊരുവിധം പറഞ്ഞാൽ ബാലിശമായ വിഗ്രഹാരാധനക്കും സ്വയം റബ്ബെന്നു വാദിച്ച ഔദ്ധത്യത്തിനും അളവുതൂക്കങ്ങളിലെ കൃത്രിമങ്ങൾക്കും കുത്തഴിഞ്ഞ ലൈംഗികാരാജകത്വത്തിനും വൻസൗധങ്ങൾ കെട്ടിപ്പടുത്ത പൊങ്ങച്ചങ്ങൾക്കും... മുഴുവൻ അപഭ്രംശങ്ങൾക്കുമെതിരെ പ്രവാചകന്മാർ ചികിത്സിച്ചത് തൗഹീദ് എന്ന 'ഒറ്റമൂലി' കൊണ്ടായിരുന്നു. ആ ചികിത്സകൾക്ക് യഥാവിധി വിധേയരായ മനുഷ്യരുടെ അവസ്ഥയെയാണ് അല്ലാഹു 'സംസ്കരണം' എന്നു വിശേഷിപ്പിച്ചിട്ടുള്ളത്.

മനുഷ്യമനസ്സ് മുതൽ രാഷ്ട്രം വരെ സംസ്കരിക്കപ്പെടുന്നത് തൗഹീദുകൊണ്ടുതന്നെ ആയിരിക്കണമെന്നും തൗഹീദ് കൊണ്ടല്ലാത്ത മറ്റൊരു സംസ്കരണ പ്രക്രിയയും ദൈവം സ്വീകരിക്കുകയില്ലെന്നും ലേഖനത്തിൽ പറയുന്നുണ്ട്. സാക്ഷാൽ ലക്ഷ്യം തൗഹീദ് തന്നെയാണ്. പക്ഷേ അതിന്റെ അനിവാര്യഫലങ്ങൾ കൂടി ജീവിതത്തിൽ പകർത്താൻ നാം ശ്രമിക്കേണ്ടതുണ്ട്. അല്ലെങ്കിൽ സംസ്കരണം സാധിക്കാത്ത നമസ്കാരത്തെ പോലെ, നമ്മുടെ തൗഹീദിനും ജഡത്വം ബാധിച്ച് ആത്മാവ് ചോർന്നുപോയെന്നു വരാം.

**ജമാൽ കടന്നപ്പള്ളി**

# ജയിലനുഭവങ്ങൾ

**ഡിസംബർ 22-ലെ** 'മുദ്രകളി'ൽ അടിയന്തരാവസ്ഥയിലെ ജയിലനുഭവങ്ങൾ വായിച്ചു. വൈകിയെങ്കിലും അത്തരം ഒരു കൃതി പുറത്തുവന്നത് അഭിനന്ദനാർഹമാണ്. പുസ്തകം പരിഭാഷ ചെയ്ത് *പ്രബോധന*ത്തിൽ പ്രസിദ്ധീകരിച്ചാൽ ഉപകാരമാകും.

**അബൂജാസിം കരുവാരക്കുണ്ട്**

# 'പിടിച്ചതിനേക്കാൾ വലുത്.....'

**'ബേനസീർ** ഭുട്ടോയുടെ അരുംകൊലയും പാക് മണ്ണിൽ സംഭവിക്കുന്നതും' എന്ന കവർസ്റ്റോറി(ലക്കം:30) വായിച്ചു. ബേനസീർ പാശ്ചാത്യവിദ്യാഭ്യാസം നേടിയതും അമേരിക്കയുടെ വിശ്വസ്തയാണെന്നതും ഒരു അയോഗ്യതയായി ലേഖകൻ സൂചിപ്പിക്കുന്നു. പാകിസ്താനിലെയും അഫ്ഗാനിസ്താനിലെയും കടുത്ത മതയാഥാസ്ഥിതികർക്ക് ഒരു കാലത്ത് അമേരിക്ക വളരെ പ്രിയപ്പെട്ട രാജ്യമായിരുന്നു എന്ന കാര്യം ലേഖകൻ വിസ്മരിച്ചു. അന്ന് അവരുടെ ശത്രു സോഷ്യലിസ്റ്റ് രാജ്യമായ സോവിയറ്റ് യൂനിയനായിരുന്നു. സോവിയറ്റ് യൂനിയന്റെ തകർച്ചയിൽ അവർ സ്വയം മറന്ന് ആഹ്ലാദിച്ചു. 'പിടിച്ചതിനേക്കാൾ വലുത് മാളത്തിൽ' എന്ന ദയനീയാവസ്ഥയിലേക്കാണ് ഇതവരെ നയിച്ചത്.

**വിനോദ്കുമാർ എടച്ചേരി**

# ■ ചുരുക്കെഴുത്ത്

***പ്രബോധനം*** ഭാഷ അൽപം കട്ടികൂടുതലാണ്. സാധാരണക്കാർക്ക് വായിക്കാൻ പറ്റുന്നവിധം ലളിതമാക്കണം. ഭാഷയെപ്പറ്റിയാണ് പലരുടെയും പരാതി.

**ടി.ടി മുഹമ്മദ് കുട്ടി എടവണ്ണ**

**കൗമാരക്കാരിൽ** നമസ്കാരശീലം കൂടുതലായി കാണുന്നത് ഏറെ സന്തോഷകരമാണ്. എന്നാൽ അവരുടെ കുട്ടിക്കുപ്പായ ഫാഷൻ നമസ്കാരത്തിന്റെ അന്തസ്സത്ത ചോർത്തിക്കളയുന്നുണ്ടോ? നമസ്കാരത്തിലെ സുജൂദിൽ, ഇറുകിയ പാന്റ്സിന്റെ മുകൾ ഭാഗം താഴോട്ടും കുട്ടിക്കുപ്പായത്തിന്റെ താഴ് ഭാഗം മേൽപ്പോട്ടും വലിയുന്നു. കാണുന്നതൊക്കെ അനുകരിക്കുന്നത് ധർമബോധമുള്ള യുവാക്കൾക്ക് ചേർന്നതല്ല.

**അലവി വീരമംഗലം**

**ആഘോഷ** വേളകൾ കേരളത്തിന് മദ്യത്തിൽ മുങ്ങിക്കുളിക്കാനുള്ളതാണ്! എന്തൊരു പരിതാപകരമായ പതനം. ആഘോഷവേളകൾക്ക് കാരണമാകുന്ന ചരിത്ര സംഭവങ്ങളോ പ്രവാചകന്മാരുടെ ത്യാഗനിർഭരമായ സ്മരണകളോ മദ്യക്കശ്മലന്മാർക്ക് പ്രശ്നമല്ല. അധർമത്തിന്റെ പാനീയം ജീവിതത്തിന്റെ അടയാളമാകുമ്പോൾ നൈതികവും മൂല്യാധിഷ്ഠിതവുമായ സ്വപ്നങ്ങൾ ചിറകറ്റു വീഴുന്നു. നോക്കിനിൽക്കാതെ എന്തെങ്കിലും ചെയ്തേ പറ്റൂ.

**എ.ടി താഹ കരുനാഗപ്പള്ളി**

**ഭുട്ടോ** പുത്രിയുടെ അരുംകൊലയെക്കുറിച്ചുള്ള കവർസ്റ്റോറി വായിച്ചു. ഇത് അവിടത്തെ ജനാധിപത്യ സമരത്തിനേറ്റ പ്രഹരമാണ്. ബേനസീറിന്റെ മരണം സാമ്രാജ്യത്വ വിരുദ്ധ സമരങ്ങൾക്ക് പുതിയ ഊർജം പകരുമെന്ന് പ്രത്യാശിക്കുന്നു.

**ജസീൽ ജെ. തോട്ടത്തിക്കുളം, കോതമംഗലം**

**പാശ്ചാത്യ** രാഷ്ട്രങ്ങൾ പോലും തിരുത്തിക്കൊണ്ടിരിക്കുന്ന സദാചാര വിരുദ്ധ രീതികൾ നമ്മുടെ നാട്ടിൽ നടപ്പാക്കാൻ മത്സരിക്കുന്നത് വിദ്യാഭ്യാസ വകുപ്പും മാധ്യമങ്ങളും ചേർന്ന അവിശുദ്ധ മുന്നണിയാണ്. കമ്പോള താൽപര്യങ്ങൾക്കപ്പുറം സംസ്കാരത്തെ നശിപ്പിക്കുക എന്ന കുടില ലക്ഷ്യം കൂടി സാമ്രാജ്യത്വത്തിനുണ്ട്. അതിന് ദല്ലാൾപണി ചെയ്യുന്നവർ ആരായാലും കാലത്തിനു മുമ്പിൽ മറുപടി പറയേണ്ടിവരും.

**ഇൻസാഫ് പതിമംഗലം**